തൊഴിലാളി പെൻഷൻ കുടിശ്ശിക

41 (1233) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനസർക്കാർ ഏതൊക്കെ വിഭാഗം തൊഴിലാളികൾക്കാണ് പെൻഷൻ നൽകിവരുന്നതെന്ന് വിശദമാക്കാമോ ;

(ബി) സർക്കാർ നേരിട്ട് പെൻഷൻ നൽകുന്ന ഓരോ വിഭാഗത്തിലും എത്ര പേർ വീതം ഉണ്ട് എന്ന് പറയാമോ ;

(സി) ഓരോ വിഭാഗം തൊഴിലാളികൾക്കും നൽകുന്ന പെൻഷൻ തുക എത്രയാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഓരോ മേഖലയിലും തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ സംഖ്യയിൽ കുടിശ്ശിക എത്ര ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) സർക്കാർ വിഹിതത്തോടെ പെൻഷൻ നൽകുന്നത് ഏതൊക്കെ വിഭാഗം തൊഴിലാളികൾക്കാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത വിഭാഗത്തിൽ പെൻഷൻ കുടിശ്ശികയുണ്ടോ ; ഉണ്ടെങ്കിൽ എത്രവീതം കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ജി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നതിന് സർക്കാർ പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(എച്ച്) തൊഴിലാളികളുടെ പെൻഷൻ മുടക്കംകൂടാതെ നൽകുന്നതിന് പ്രത്യേക നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള കശുവണ്ടി തൊഴിലാളി ക്ഷേമപദ്ധതി പ്രാബല്യത്തിൽ വരുന്നതിനു മുമ്പുള്ള കശുവണ്ടി തൊഴിലാളികൾ, കർഷക തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്ക് തൊഴിൽ വകുപ്പു മുഖേന സർക്കാർ പെൻഷൻ നൽകി വരുന്നു.

(ബി) ക്ഷേമപദ്ധതി പ്രാബല്യത്തിൽ വരുന്നതിനു മുമ്പുള്ള

1. കശുവണ്ടി തൊഴിലാളികൾ - 12,220 പേർ
2. കർഷകതൊഴിലാളികൾ - 5,19,896 പേർ
3. ചുരുട്ടു തൊഴിലാളികൾ - 470 പേർ

(സി)

1. കശുവണ്ടി തൊഴിലാളികൾ - 100 രൂപ(പ്രതിമാസം)
2. കർഷക തൊഴിലാളികൾ - 120 രൂപ(പ്രതിമാസം)
3. ചുരുട്ടു തൊഴിലാളികൾ - 100 രൂപ (പ്രതിമാസം)

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കശുവണ്ടി തൊഴിലാളികൾക്ക് 2001 നവംബർ മുതൽ 2003 മേയ് വരെ 19 മാസത്തെ കുടിശ്ശികയുണ്ട്. ഇതിന് 3,02,53,700 രൂപ വേണ്ടി വരും.

കർഷക തൊഴിലാളികൾക്ക് 1-2-2002 മുതൽ 30-4-2003 വരെ 15 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. ഇവ നൽകുന്നതിന് 98,26,03,440 രൂപ വേണ്ടിവരും.

ചുരുട്ടു തൊഴിലാളികൾക്ക് 2003 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ പെൻഷൻ മാത്രമേ കുടിശ്ശികയുള്ളൂ. ഇതിന് 94,000 രൂപ വേണ്ടിവരും.

(ഇ) കശുവണ്ടി തൊഴിലാളി ക്ഷേമനിധി പ്രാബല്യത്തിൽ വന്നതിനു ശേഷമുള്ള തൊഴിലാളികൾക്ക് സർക്കാർ വിഹിതത്തോടെ പെൻഷൻ നൽകി വരുന്നു.

(എഫ്) ഉണ്ട്. 2002 ആഗസ്റ്റ് മുതൽ 2003 മേയ് വരെ 10 മാസത്തെ കുടിശ്ശിക യുണ്ട്. കുടിശ്ശിക തുക-3,71,63,500 രൂപ.

(ജി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് 1991-ലെ കേരളാ കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾക്ക് പുറമേ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ഒരു പുതിയ പദ്ധതിക്കുള്ള കരട് ബിൽ പരിഗണനയിലാണ്.

(എച്ച്) ഇതിന് പ്രത്യേക നിയമ നിർമ്മാണം ആവശ്യമില്ല. പെൻഷൻ കുടിശ്ശിക നല്കുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ പ്രത്യേകം തുക വക കൊള്ളിച്ചിട്ടുണ്ട്.

കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി

42 (1234) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര കർഷകത്തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് പറയാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 44675 കർഷകത്തൊഴിലാളികൾക്ക് പുതുതായി പെൻഷൻ അനുവദിച്ചിട്ടുണ്ട്.

കശുവണ്ടി തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക

43 (1235) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി തൊഴിലാളികളുടെ മൊത്തം പെൻഷൻ കുടിശ്ശിക എത്രയാണ് ;

(ബി) ഇതിൽ ക്ഷേമനിധി അംഗങ്ങൾക്ക് കുടിശ്ശിക എത്രയെന്നും അംഗമല്ലാത്തവർക്ക് എത്രയെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly